# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3088

23.03.2015 - ൽ
മറുപടിക്ക്

## നീര ഉല്പാദനത്തിന് ലൈസൻസ്

**ചോദ്യം**
ശ്രീ.എ.കെ.ബാലൻ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.ബാബു എം. പാലിശ്ശേരി

**മറുപടി**
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) നീര ഉല്പാദനത്തിന് ലൈസൻസ് നൽകുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണ്; | എ) നീര ഉല്പാദനവുമായി ബന്ധപ്പെട്ട് തെങ്ങു ചെത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത് അതാത് പ്രദേശത്തെ എക്സൈസ് അധികാരിയും നീരയും അനുബന്ധ ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അനുമതി നാളികേര നീര ബോർഡുമാണ് നൽകുന്നത്. |
| ബി) ഇത് സംബന്ധിച്ച് അവ്യക്തതകൾ നിലനില്ക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) ലൈസൻസ് നൽകുന്നത് സംബന്ധിച്ച് അവ്യക്തതകൾ ഒന്നും തന്നെയില്ല.<br>നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള ലൈസൻസ് ലഭിക്കുന്നതിനായി ഇതിനായി തയ്യാറാക്കിയ നിബന്ധനകൾക്കനുസൃതമായി വിശദമായ ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ട് സഹിതം നാളികേര-നീര ബോർഡിന് അപേക്ഷ നൽകണം |
| സി) കേര കർഷകർ ചേർന്ന് രൂപീകരിച്ചിട്ടുള്ള ഫെഡറേഷനുകൾ നീര ബോർഡിൽ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ടോ; ലൈസൻസ് നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | സി) 20/01/2015-ന് ചേർന്ന നാളികേര-നീര ബോർഡ് യോഗത്തിൽ നീര ഉല്പാദനത്തിനുള്ള അനുമതിക്കായി ലഭിച്ച 16 അപേക്ഷകൾ പരിശോധിക്കുകയും എന്നാൽ അപേക്ഷകളൊന്നിലും വേണ്ടത്ര വിവരങ്ങൾ ഇല്ലാത്ത തിനാൽ നീര ഉല്പാദനത്തിനായി അപേക്ഷിക്കുന്നവർ ഇതിനായി തയ്യാറാക്കിയ നിബന്ധനകൾക്കനുസൃതമായ വിശദമായ ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ട് സഹിതം അപേക്ഷിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത വിവരം അപേക്ഷകരെ അറിയിച്ചിട്ടുമുണ്ട്. |
| ഡി) ലൈസൻസിനായി പ്രസ്തുത ഫെഡറേഷൻ നീര ബോർഡിന് അല്ലാതെ മറ്റ് ഏതെങ്കിലും ഏജൻസിക്ക് അപേക്ഷ നൽകേണ്ടതുണ്ടോ ;<br>ഇ) ലൈസൻസ് നല്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ? | ഡി) & ഇ) നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള ലൈസൻസിനായി നാളികേര-നീര ബോർഡിനാണ് അപേക്ഷ നൽകേണ്ടത്. ലൈസൻസ് നല്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ